# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 5560

4/7/2013-ലെ മറുപടിക്ക്

## നോക്കുകൂലി

**ചോദ്യം**

ശ്രീ.വർക്കല കഹാർ
ശ്രീ. പാലോട് രവി
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.പി.സി.വിഷ്ണുനാഥ്

**മറുപടി**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിനായി ഗാർഹിക കെട്ടിട നിർമ്മാണ മേഖലയിൽ കൂലി നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. നോക്കുകൂലി ആവശ്യപ്പെടുന്നതായുള്ള പരാതി ലഭിച്ചാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ ഇടപെട്ട് അത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ നോക്കുകൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യൽ ജോലിയിൽ നിന്ന് മാറ്റി നിർത്തൽ എന്നീ കർശന നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളെ നോക്കുകൂലി വിമുക്തജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) ഈ ജില്ലകളിലെ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (സി) നോക്കുകൂലി സംബന്ധിച്ച പരാതി ലഭിച്ചാൽ ആയത് പരാതിക്കാരന് തിരികെ നൽകുന്നതിനും തൊഴിൽ നിയമം അനുശാസിക്കുന്ന മറ്റു - |

| | | | |
|---|---|---|---|
| | | | നിയമനടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ബാക്കി ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | ബാക്കി ജില്ലകളെ നോക്കുകൂലി വിമുക്തമാക്കുന്നതിനായി കൂലി നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ ലേബർ ഓഫീസർമാർ മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ